**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4194** **18-03-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ ആസ്തി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നാളിതുവരെ ടെണ്ടർ പോയിട്ടില്ലാത്തതുമായ പ്രവൃത്തികൾ എത്രയെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ ഓരുവെള്ളത്താലും വേലിയേറ്റത്താലും തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് തുക വകയിരുത്തി ഭരണാനുമതിയും പ്രത്യേകാനുമതി വാങ്ങി പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കിയിട്ടും ഇരുപത്തൊൻപതോളം പ്രവൃത്തികൾ ടെണ്ടർ പോകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | പ്രസ്തുത പ്രവൃത്തികൾ പ്രാവർത്തികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് 20.04.2024-ന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ (ഫയൽ No.NCB3/86/2024/Fin. Com.No.2831814) ഒരു വർഷത്തോളമായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ; | (ഡി) | ബഹു. വൈപ്പിൻ എം.എൽ.എ സിഎംഒ പോർട്ടൽ മുഖേന നൽകിയ നിവേദനത്തിന്മേൽ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആരായുകയും കളക്ടറുടെ 27.09.2024 തീയതിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ ഭൗതിക സാഹചര്യം നിലനിൽക്കുന്ന വൈപ്പിൻ മണ്ഡലത്തിൽ മരാമത്ത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് സഹായകരമായ രീതിയിൽ പ്രവൃത്തികൾക്ക് അനുയോജ്യമായ നിരക്കിലുള്ള Cost index/ additional conveyance എന്നിവ അനുവദിച്ച് നൽകുന്ന വിഷയം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ; ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ധനകാര്യവകുപ്പിലെ | (ഇ) | ബഹു. വൈപ്പിൻ എം.എൽ.എ സിഎംഒ പോർട്ടൽ മുഖേന നൽകിയ നിവേദനത്തിന്മേൽ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആരായുകയും കളക്ടറുടെ 27.09.2024 തീയതിയിലെ റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | അടിസ്ഥാനത്തിൽ മറ്റ് പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ ഭൗതിക സാഹചര്യം നിലനിൽക്കുന്ന വൈപ്പിൻ മണ്ഡലത്തിൽ മരാമത്ത് പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് സഹായകരമായ രീതിയിൽ പ്രവൃത്തികൾക്ക് അനുയോജ്യമായ നിരക്കിലുള്ള Cost index/ additional conveyance എന്നിവ അനുവദിച്ച് നൽകുന്ന വിഷയം ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ